# മുഖ്യദൂതനായ പരിശുദ്ധ മിഖായേൽ

സ്ഥലചരിത്രം, നവനാൾ, ജപങ്ങൾ, പാട്ടുകൾ



പരിശുദ്ധ മിഖായേൽ ദൂതരുടെ സ്ഥലം

രാജാവൂർ

# മുഖ്യദൂതനായ പരിശുദ്ധ
# മിഖായേൽ

**സ്ഥലചരിത്രം, നവനാൾ, ജപങ്ങൾ, പാട്ടുകൾ**

**(തീരുമേനിയുടെ അനുവാദത്തോടെ)**



## പരിശുദ്ധ മിഖായേൽ ദൂതരുടെ സ്ഥലം

## രാജാവൂർ

# രാജാവൂറിലെ
# പരിശുദ്ധ മിഖായേൽ ദൂതരുടെ
# സ്ഥല ചരിത്രം

സ്നേഹിതരേ!

കന്യാകുമാരി ജില്ലയിൽ, നാഗർകോവിലിന് കിഴക്ക് 15 കിലോമീറ്റർ ദൂരത്തിൽ ശുചിന്ദ്രം, തോവാള എന്നീ സ്ഥലങ്ങൾക്ക് ഇടയ്ക്ക് സ്ഥിതി ചെയ്യുന്ന ശാന്തവും പ്രകൃതി സുന്ദരവുമായ സ്ഥലമാണ് രാജാവൂർ

കി.പി. 1542-ാം ആണ്ട് ഓക്ടേബർ മാസം തുത്തുക്കുടിയിൽ വന്നിറിങ്ങിയ ഫ്രൻസിസ് സേവ്യർ 1545 വരെ കടൽതീരത്തുകൂടി യേശുക്രിസ്തുവിന്റെ പുണ്യനാമം ജപിച്ച്, ക്രിസ്തുമതം പ്രചരിപ്പിച്ച വിശുദ്ധ ഫ്രൻസിസ് സേവ്യറിനാലെ സത്യത്തെകുറിച്ച് ബോദ്ധ്യപ്പെട്ട ക്രിസ്ത്യാനികളിൽ ചിലർ പല നാടുകളിൽ നിന്നും രാജാവൂർക്ക് വന്നു.

കി.പി. 18-ാം നൂറ്റാണ്ട് മുതൽ രാജാവൂരിലുള്ള ജനങ്ങൾ പ.മിഖായേൽ അതി ദൂതർരുടെ നാമദേയത്തിൽ ചെറിയ ഒരു പള്ളി സ്ഥാപിച്ച് സത്യദൈവത്തെ വണങ്ങി വന്നിരുന്നു. കി.പി. 1918 -ാം ആണ്ട് കൊല്ലം തിരുമേനി ആയ ബൻസിഗർ അവർകളുടെ സഹായത്തോടെ പള്ളി വലുതായി സ്ഥാപിച്ചു. 1926-ാം സെപ്റ്റംബർ 25-ാം തീയതി രാജാവൂർ ഇടവക പള്ളിയായി സ്ഥാപിച്ചു. ഇപ്പോഴുള്ള ഭംഗിയായ ദേവാലയം 8-12-1991 ൽ കോട്ടാർ രൂപതതയുടെ ബിഷപ്പ് ലിയോൺ ധർമ്മരാജ് അവർകൾ

അടിക്കല്ല് സ്ഥപിക്കപ്പെട്ടു. ജൂബിലി ആണ്ട് 2000 മേയ് മാസം 6-ാം തിയതി ആശീർവദിക്കപ്പെട്ടു. ജൂബിലി ആണ്ടിന്റെ തുടക്കത്തിൽ കോട്ടാർ ബിഷപ്പ് ലിയോൺ ധർമ്മരാജ് കോട്ടാർ ജില്ലയിലുള്ള തീർത്ഥാടന കേന്ദ്രങ്ങളിൽ ഒന്നായി രാജാവൂർ ഇടവകയേയും പ്രഖ്യാപിച്ചു. ഇന്ന് ഏറ്റവും മനോഹരമായി വിളങ്ങുന്ന ദേവാലയമാണ് രാജാവൂർ.

ഈ ദേവാലയത്തിൽ ഏറെ ദിവസങ്ങളായി അസുഖം ബാധിച്ച് അശുപത്രിയിൽ നിന്ന് നിരാശയോടെ തിരികെ വന്നവർക്ക് മോചനം, പ്രേതബാധയിൽ നിന്ന് വിലുതൽ, മനസമാധാനം ഇല്ലാത്തവർക്ക് മനസമാധാനം, പലവിധത്തിലുള്ള പ്രശ്നങ്ങളിൽ കഴിയുന്നവർക്ക് അതിൽ നിന്നുള്ള മോചനം ഇവയെല്ലാം ഈ ദേവാലയത്തിൽ വന്നു പ്രാർത്ഥിച്ചതിന്റെ ഫലമായി ലഭിച്ചുവരുന്നു.

പ. മിഖായേൽ ദൂതരുടെ സഹായം തേടി തമിഴ് നാട്ടിൽ നിന്നും കേരളത്തിൽ നിന്നും ധാരാളം ഭക്തർ ദിവസവും രാജാവൂരിൽ വന്നു പ്രാർത്ഥിച്ചു പോകുന്നു. പുണ്ണ്യഭൂമിയായ ഈ സ്ഥലത്തുള്ള പ. മിഖായേൽ ദൂതരുടെ നാമദേയത്തിലുള്ള കുരിശടിയിൽ പല തരത്തിലുള്ള രോഗികൾ രോഗങ്ങൾ മാറി നല്ലരീതിയിൽ ആകുവാൻ വിശ്വാസത്തോടെ പ്രാർത്ഥിച്ച് സുഖം പ്രാപിച്ച് സമാധാനത്തോടും സന്തോഷത്തോടും തിരികെ പോകന്നു.

എല്ലാ ശനിയാഴ്ചയും വൈകിട്ട് 5 മണിക്ക് നടത്തുന്ന നൊവേനയിലും വി കുർബാനയിലും 7.30 ന് നടത്തുന്ന നൊവേനയിലും, വി. കുർബാന എഴുന്നെള്ളിച്ച് വച്ചുള്ള

ആരാധനയിലും, രാത്രി, 11 ന് പ. മിഖായേൽ ദൂതന്റെ നാമധേയത്തിലുള്ള കുരിശടിയിൽ നടത്തുന്ന പ്രധാന പ്രാർത്ഥനയിലും സംബന്ധിക്കാൻ പല സ്ഥലങ്ങളിൽ നിന്നും ജനം ധാരാളമായി വന്ന്. അനുഗ്രഹം പ്രാപിച്ചു പോകുന്നു. ശനിയാഴ്ചകളിൽ സെപ്ഷ്യൽ ബസ്സുകളും ഭക്തർക്ക് സൗകര്യത്തിനായി വിടുന്നുണ്ട്.

വർഷത്തോറും മേയ് മാസത്തിലെ ആദ്യത്തെ വെള്ളിയാഴ്ച കൊടിയേറ്റി 10 നാൾ പള്ളി പെരുന്നാൾ ആഘോഷമായും ഭക്തി നിർഭരമായും കൊണ്ടാടുന്നു. ധാരാളം ജനം ഇതിൽ സംബന്ധിച്ച് ശാരിരീക സുഖവും, ആത്മീയ സന്തോഷവും പ്രാപിക്കുന്നത് കാണുമ്പോൾ ആശ്ചര്യപ്പെട്ടു പോകുന്നു.

ഇതുമാത്രമല്ലാതെ രോഗികളെ നോക്കാൻ പ. മിഖായേൽ ആശുപത്രി, മനോരോഗികൾക്ക് വേണ്ടതായ ചികിത്സാ സഹായം മുതലായവയും ഇവിടെ ലഭ്യമാകുന്നു. പാവപ്പെട്ടവരോടും മറ്റ് രോഗികളോടും പ്രത്യേക പരിഗണന നൽകിവരുന്നു. ഈ സ്ഥലത്ത് വന്ന് പ്രാർത്ഥിച്ച് ദൈവാനുഗ്രഹം പ്രാപിക്കുവാൻ ഏവരേയും ആഹ്വാനം ചെയ്യുന്നു. ദൈവത്തിന്റെ ആശീർവാദം എപ്പോഴും നിങ്ങൾക്കുണ്ടാകട്ടെ.

എന്ന് സ്നേഹത്തോടെ

**ഇടവക വികാരി., ഇടവക കമ്മിറ്റി**

**ഇടവകാംഗങ്ങൾ.**

# പ. മിഖായേൽ ദൂതരോടുള്ള നവനാൾ

## 1. അകത്തു പോകുമ്പോൾ ഉള്ള ഗാനം

(നിന്നുകൊണ്ട്)

**സങ്കീ 122**

കർത്താവിന്റെ ഇല്ലത്തിൽ പോകാം എന്ന്
പറഞ്ഞിതിനേ കേട്ട് സന്തോഷിച്ച്

ഏരിസിലേ അരുകേ
ചേർന്നുള്ള നഗരമാകെ ഉള്ളത്
ദൈവത്തെ നിങ്ങളുടെ തിരുപേര് കേൾക്കേ
ദൈവ നാമത്താൽ/ അങ്ങ് കേറി ചെന്നാൽ

നിൻ മതിലുകൾക്കുൾ സമാധാനവും
നിൻ അരങ്ങുകളിൽ
അധികമായു ഇരിക്കുന്നതായി
ദൈവത്തെ വിശ്വസിക്കുന്നവർ
സിയോൺ മലപോൽ വിളങ്ങുന്നവർകൾ

**സങ്കീ 24**

കർത്താവേ മലയിൻ മേലെ
ആര് കേറി ചെന്നുകിടുവാർ
അവർതൻ വിശുദ്ധ തലത്തിൽ
ചെന്നു നിൽക്കത്തക്കവർ ആര്?

ഭൂമിയും അതിൽ നിറഞ്ഞ കീർത്തിയും
കർത്തർ ഉടമയാം ഈ ലോകം
ഞങ്ങളും വാഴും ഉയിർകളുമേ
അവരുടെയിടം ഉടമയെ അറിഞ്ഞിടുവിൻ

എന്തെന്നാൽ കടലുകളിൻ മേൽ അതിനെ
നിലയായി നിൽക്കുന്നവർ അവരെ
ആറുകളിൽ മേലെ ശക്തിയായി
നിലനിർത്തിയവൻ അവൻ

**സങ്കീ : 95**

കർത്താവിനെ ദിവസവും പുകഴ്ത്താൻ
ആനന്ദത്തോടെ വരുവിൻ

നമ്മെ നാമേ പടക്കവില്ലേ
ഉന്മ താനെ മറുക്കരുതെ
സൃഷ്ടിച്ച ദേവനിൽ കീർത്തിയോടെ
ബലി പകരാൻ ലോകവാസികൾ പരുവിൻ വ്യാപിപ്പിൻ

വഴി കാണിക്കും ആയൻ അവർ
പാട്ടുകളാൽ സ്തുതി കരേറ്റും വിസ്വസ്തനവൻ
ഭരണകർത്താവായ ദൈവത്തെ
കീർത്തിയോടെ പുകഴ്ത്താം.

**സങ്കീ : 96**

ദൈവത്തിൽ സന്തോഷം
എല്ലാവരുമേ വരുവിൻ

നമ്മുടെ രക്ഷയുടെ കോട്ടയായ
അവനിൽ സന്തോഷിക്കാം
സ്തൂതി പാടി അലൻ മുൻമ്പേ
പോയിടാം വരുവിൻ
പാട്ടുകൾ പാടി അവർ
മുന്നിൽ നിന്നു സന്തോഷിക്കാം
എന്തെന്നാൽ കർത്താവാണ്
മഹിമയുള്ള ദൈവം
ദേവൻമാരുടെ
ദേവനാണവൻ താൻ

## 2. പ.മിഖായേൽ അതിദൂതരെ നോക്കി പ്രാർത്ഥിക്കുന്നു.

(മുട്ടുകുത്തി നിൽക്കാം)

പ. മിഖായേൽ അതിദൂതരെ / യേശുവിൻ തിരുസഭയിൽ കീർത്തിയണിഞ്ഞവനേ/ ദേവദൂതർകളിൽ തലവരെ/ ദൈവത്തിൻ എതിരായി പ്രാവർത്തിക്കുന്ന സാത്താനെ/ എതിർത്തു യുദ്ധത്തിൽ/ അവയെ കീഴടക്കി നിത്യനരകത്തിൽ തള്ളിയ വാനവർ തലൈവരെ/ ദൈവത്തിൻ ചിത്തത്തിൽ എന്നും കീഴ്പ്പെട്ട് താഴ്മയിൽ ഉയർന്ന്/ കീർത്തിയടഞ്ഞ അതിദൂതരെ മനുഷ്യരെ പടുകുഴിയിൽ തള്ളി പഴിവാങ്ങാൻ കൊതിയ്ക്കും പിശാചിന്റെ ആക്രമണത്തെ തകർത്ത് എറിഞ്ഞ്/ ദൈവമക്കളെ ധൈര്യമായി സംരക്ഷിച്ച് കാക്കുന്നവനെ/ ദൈവ മക്കൾക്ക് എണ്ണമറ്റ നന്മ ചെയ്തവരേ/ ഞങ്ങളെ

നിങ്ങളുടെ സംരക്ഷണത്തിന് അർപ്പിക്കുന്നു/ പിശാചിൻ പിടിയിൽ നിന്ന്/ ഞങ്ങളെ വിടിവിക്കണം ദൈവത്തെ ഞങ്ങൾ എന്നും ഓർമ്മിക്കാൻ/ ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണെ. ആമേൻ.

ഗുരു : പ. മിഖായേൽ അതിദൂരെ *

ഗുരു : ദൈവത്തിന് കീഴ് വണങ്ങി അവിടുത്തെ പുകഴ്ത്തി പാടുന്ന വാനദൂതർ അണിയിൽ നേതാവേ*

ഗുരു : എളിമയിൽ മാതൃകയായി വിളങ്ങിയ ദൂതരിൽ നേതാവേ*

ഗുരു : ദൈവത്തിന് സമം ആര്? എന്ന് മുഴക്കം ചെയ്തു യുദ്ധം ചെയ്ത വിരരെ*

ഗുരു : ലൂസിപ്പറേയും അവനതു തോഴർകളെയും അന്തകാരത്തിൽ തള്ളിയ വീരരെ *

ഗുരു : വിശ്വസികൾക്ക് ഏറ്റം തുണയായ വാനദൂതരെ *

ഗുരു : പിശാചുകൾ മനുഷ്യരെ ആക്രമിക്കുന്നത് അധികാരത്തോടെ എതിർക്കുന്ന ദൂതരെ

ഗുരു : ദാരിദ്രത്തിൽ നിന്നും മക്കളെ സംരക്ഷിക്കും അതിദൂതരെ*

ഗുരു : ദൈവത്തിൽ ഞങ്ങളെ കാത്തു കൊള്ളുന്ന സ്നേഹമുള്ള സഹായകനെ,

---

*ജനം – ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

## 3. ബൈബിൾ വായനയും, പ്രസംഗവും

## 4. പ്രാർത്ഥനാ ഗാനം

(എഴുന്നേറ്റു നിൽക്കുക)

**സങ്കീ : 25**

ദൈവമെ നിന്നെ നോക്കി
ഏന്റെ ആത്മാവെ എഴുന്നേൽക്കുന്നേ
എൻ സർവേശ്വരാ നിന്നിൽ
വിശ്വാസം കൊള്ളുന്നു.
ഞാൻ വേദനിക്കും വഴിയിൽ വിടാതെ
എൻ എതിരികൾ എന്നിൽ
പരിഹസിക്കാൻ വിടാതെ
നിന്നിൽ വിശ്വസിക്കും ഏവരും
ലജ്ജിക്കാൻ ഇടയാകാതെ

**സങ്കീ : 54**

ഇതാ ദൈവം സഹായത്തിന് വന്നിരിക്കുന്നു.
എൻ ആത്മാവെ ആരാധിക്കാം
ദു:ഖങ്ങളെ ഞാൻ അകറ്റിടാൻ
ഞാൻ വിശ്വസിക്കും ദൈവമേ
നീ തന്നെ സത്യത്തിന്റെ പാതയിൽ
എന്നെ വഴി നടത്തും.

**സങ്കീ : 141**

ധൂപം പോൽ എൻ പ്രാർത്ഥന
നിന്നെ നോക്കി എഴുന്നേൽക്കത്തില്ലെ
ആകാശം നോക്കി എഴുന്നേൽക്കും എൻ
കൈകൾ ബലിയർപ്പിക്കുന്നില്ലെ

ദൈവമേ നിന്നെ നോക്കി
യാചിക്കുന്നെന്ന് അറിയുന്നേൻ
എന്നെ സഹായിക്കാൻ വരണെ
എൻ ശബ്ദത്തെ കേൾക്കണമെ

## 5. യാചന പ്രാർത്ഥന

സ്നേഹമുള്ള സഹോദഹരങ്ങളെ ! പ. മിഖായേൽ അതിദൂതരിൻ സംരക്ഷത്തിൽ ഇരിക്കുന്ന നാം അവരിൽ ശക്തിയുള്ള യാചനയിൽ വിശ്വസിച്ച്, നമുക്ക് വേണ്ടിയ നന്മകളെ ധാരാളമായി വാങ്ങി തരാൻ അവർ വഴിയാകെ സ്നേഹമുള്ള ദൈവത്തോട് പ്രാർത്ഥിക്കാം.

ഗുരു : ദൈവം തന്റെ സുതനെകുറിച്ച് അറിയിച്ചപ്പോൾ/ മനുഷ്യനായി പിറന്ന അവനെ കൈ കൂപ്പി തല വണങ്ങിയ/ പ.മിഖായേൽ അതിദൂതരിൻ നിന്ന് / അറിയപ്പെട്ട ഞങ്ങൾ/ ദൈവമായ .യേശുവെ വിശ്വസിച്ച്/ ജീവിതത്തിൽ ദൈവത്തെ ഉൾക്കൊണ്ട്/ നല്ല ജീവിതം നയിക്കാൻ ഞങ്ങൾക്ക് ശക്തി തരണമെന്ന്*

ഗുരു : പിശാചിൻ പിടിയിൽ പെട്ട് വേദനിക്കുന്ന ഞങ്ങൾ/ അവയെ വിരട്ടി ജയിച്ച് / പ.മിഖായേൽ

* ദൈവമേ നിന്നോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

അതിദൂതരിൻ സഹായത്താൽ സന്തോഷവും ധൈര്യവും കിട്ടി/ പിശാചിൽ നിന്ന് വരും ഉപദ്രവങ്ങളിൽ നിന്ന് / മോചനം തരണമെന്ന്*

ഗുരു : പിശാചിന്റെ അടിമത്വത്തിൽ കഴിയുന്ന മനുഷ്യനെ പ. മിഖായേൽ ദൂതന്റെ പ്രാർത്ഥനയാൽ ആ അടിമത്വത്തിൽ നിന്ന് രക്ഷിച്ച് ദൈവത്തിന് സേവനം ചെയ്യാൻ കൃപ ചെയ്യണമെന്ന്/

ഗുരു : മനുഷ്യകുലത്തിന്റെ ശത്രുവായ പിശാചിന്റെ പ്രവർത്തിയാൽ സമൂഹത്തിൽ വേദന നൽകുന്ന മനുഷ്യർക്ക് ദൈവത്തിന്റെ ഉന്നത ശക്തിയാൽ പിശാചിനോട് യുദ്ധം ചെയ്തു വിജയം വരിക്കുവാനും പ.മിഖായേൽ ദൂതന്റെ പ്രാർത്ഥനയാൽ ആത്മീയമായ അഭിവൃത്തിപെടുവാനും ഇടയാക്കണമെന്ന്*

ഗുരു : ശാരീരികമായും മാനസികമായും വേദനപ്പെടുന്ന നിന്റെ മക്കൾക്ക് / ശക്തരായ വാനവരുടെ തലവനായ പ. മിഖായേൽ ദൂതന്റെ പ്രാർത്ഥനയാൽ പൂർണ്ണ സുഖം തന്ന്/ ആശീർവദിക്കണമെന്ന്*

ഗുരു : പിശാചിനാൽ ബുദ്ധി ചിതറി നിൽക്കും നിൻ മക്കളെ/ പ. മിഖേയേൽ അതിദൂതരിൻ പ്രാർത്ഥനയാൽ ബുദ്ധി തെളിഞ്ഞ് നല്ല അറിവ് ചെയ്യണമെന്ന്

---

* ദൈവമേ നിന്നോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ഗുരു : പ. മിഖായേൽ ദൂതരിൻ വഴി ഞങ്ങളുടെ യാചനകൾ കേട്ട്, ഞങ്ങളോടു കരുണ തോന്നി ഞങ്ങളുടെ ആത്മാവിനും ശരീരത്തിനും ആവശ്യമായ സുഖം തന്നനുഗ്രഹിക്കണമെന്ന്*

ഗുരു : കുരിശിൽ തുങ്ങിയ തിരുകുമാരനെ നോക്കി എന്റെ ദു:ഖങ്ങളെ നല്ല മനസ്സോടെ സ്വീകരിച്ച് സന്തോഷത്തോടെ ജീവിക്കാൻ അനുഗ്രഹം ചെയ്യണമെന്ന്

ഗുരു : ഞങ്ങൾ ഈ ലോകത്ത് നിനക്ക് യോജിച്ച വിധം ജീവിച്ച്/ പരലോകത്തിൽ നിന്നോട് ചേരുവാൻ കൃപ ചെയ്യണമെന്ന് /

*(ഭക്തർ തങ്ങളുടെ ആവശ്യങ്ങൾ പറഞ്ഞ പ്രാർത്ഥിക്കുക)*

ഗുരു : നമ്മുടെ വ്യക്തിപരമായ ആവശ്യങ്ങൾ പ.മിഖായേൻ വഴിയായി സാധിച്ചു തരാൻ ദൈവത്തോട് മൗനമായി പ്രാർത്ഥിക്കാം.

*(മൗന പ്രാർത്ഥന)*

ഗുരു : സർവ്വസ്വവുമായ ദൈവമെ മനുഷ്യരക്ഷകാ ദൈവത്തിന് തുല്യനായി ആര്? എന്ന് ചോദിച്ചു കൊണ്ട് നിന്റെ മഹിമയെ ഉയർത്തി പിടിച്ച് പിശാചിന്റെ കോട്ടയെ തകർത്ത പ. മിഖായേൽ ദൂതരുടെ പ്രാർത്ഥനയാൽ പിശാചിനാൽ ഞങ്ങൾക്ക് വരും ദ:ഖദൂരിതങ്ങളിലിരുന്ന് ഞങ്ങളെ വിടുവിച്ച് ഞങ്ങളുടെ ഹൃദയത്തിലും, ശരീരത്തിലും ഉള്ള വേദനകളെ പോക്കി ഞങ്ങൾ നിന്നെ

---

* ദൈവമേ നിന്നോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

എന്നും വാഴ്ത്തി നിന്നിൽ നിലനിൽക്കാൻ അനുഗ്രഹം ചെയ്യണമെന്ന് ദൈവമായ യേശുക്രിസ്തു വഴി താഴ്മയോടെ അപേക്ഷിക്കുന്നു.

ജനം : ആമേൻ

## 6. നന്ദി പാട്ട്

(എഴുന്നേൽക്കുന്നു)

**സങ്കീ 40**

സ്നേഹത്തോടെ ഞാൻ ദൈവത്തെ കാത്തിരുന്നു.
അവിടത്തെ എന്നെ ദയവായി നോക്കി

എൻ ശബ്ദത്തിന് അവൻ ചെവി തന്നു
എഴുന്നേൽക്കാൻ എനിക്ക് അവൻ കൈതന്നു
പാറയിൽ കാലുകൾ ഉറപ്പിച്ചു
വഴിയിൽ സഹായകർ കാവൽ നിന്നു.

**സങ്കീ 23**

യഹോവ എൻ ഇടയൻ
അതിനാൽ കുറയില്ലേ
ദൈവമെൻ ഇടയൻ
താൻ തരും പുൽതകിടിയിൽ ശക്തിയായ് മേയ്ച്ച്
പ്രശാന്തമായ ജലാശയം തന്നിടുന്നു.

മരണത്തിൻ കൊടുനിഴൽ ചൂഴ്ന്നാലും ഭയമില്ല
ഇടയനിൽ ഊന്നു വടി അടിയന് തുണ
ശത്രുക്കൾളേതും എടുക്കാത് എൻ ജീവൻ
അവിടുന്നു എന്നിരികിൽ ഇരുപ്പതാൽ

**സങ്കീ 150**

ലോകത്തിലുള്ള സകല ജീവജാലമേ
ദൈവത്തെ നിങ്ങൾ പുകഴ്ത്തുവിൻ
ദൈവാലയത്തിൽ
എന്നും അവനെ വാഴുത്തുവിൻ
ദൈവത്തെ അറിയുന്നവരെ
അവിടുത്തെ പുകഴ്ത്തുക
ഉചിതമായ ദൈവത്തിൻ
പ്രവർത്തികളെ നാം വാഴ്ത്തുക
സർവ്വ വ്യാപിയായ ദൈവത്തെ
എന്നും പുകഴ്ത്താം

## 7. നന്ദി പ്രാർത്ഥന

സ്നേഹമുള്ള സഹോദരങ്ങളെ പ. മിഖായേൽ അതിദൂതരുടെ ശക്തിയുള്ള പ്രാർത്ഥനയാൽ സർവ്വശക്തനായ ദൈവം നമുക്ക് നൽകിയ ആന്മ ശരീര നന്മകൾക്കുവേണ്ടി താഴ്മയോടെ നന്ദി പറയാം.

ഗുരു : സൃഷ്ടികളിൽ മകുടമായി മനുഷ്യനെ സൃഷ്ടിച്ച്/ നശിക്കാത്ത ആത്മാവിനെ അവന് നൽകി തന്റെ ജീവനിൽ അവൻ പങ്ക് കൊള്ളാൻ കൃപ ചെയ്തതിനായി.*

ഗുരു : നീ കുരിശിൽ ബലിയായികൊണ്ട് ഞങ്ങളെ രക്ഷിച്ച്/ നിന്റെ മക്കൾ ആക്കിയതിനാൽ*

---

* എല്ലാ. ദൈവമേ അങ്ങേക്ക് നന്ദി പറയുന്നു.

ഗുരു : പിശാചിൻ പ്രവർത്തികളിൽ നിന്നും ആക്രമണ ങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിക്കുന്നതിനാൽ*

ഗുരു : ആത്മ ശരീര ആപത്തുകളിൽ നിന്നും / നിന്റെ കരുണയാൽ ഞങ്ങളെ കാക്കുന്നതിനാൽ*

ഗുരു : ശാരീരിക മാനസികവേദനകളിൽ നിന്ന് ഞങ്ങളെ സുഖപ്പെടുത്തിയതിനാൽ*

ഗുരു : ഞങ്ങളുടെ ദു:ഖങ്ങളെയും വേദനകളെയും / നിനക്കായിട്ട് സ്നേഹത്തോടെ സ്വീകരിക്കാൻ ക്ഷമയും ധൈര്യവും തരുന്നതിനാൽ*

ഗുരു : ഞങ്ങൾ നിന്റെ സ്നേഹത്തിലും കൃപയിലും വളരാൻ കൃപ ചെയ്യുന്നതിനാൽ*

ഗുരു : പ. മിഖായോൽ ദുതന്റെ അപേക്ഷയാൽ ഞങ്ങൾ സ്വീകരിച്ച ധാരാളമായ നന്മകൾക്കായി*

*(ദൈവം ചെയ്ത നന്മകളെ കുറിച്ചറിയിക്കുക.)*

ഗുരു : നാം ഓരോരുത്തരും വ്യക്തിപരമായി സ്വികരി ച്ചിട്ടുള്ള നന്മകൾക്കായി പ.മിഖായേൽ ദുതർ വഴിയായി ദൈവത്തിന് മൗനമായി നന്ദി പറയാം.

*(മൗന പ്രാർത്ഥന)*

ഗുരു : എല്ലാത്തിന്റെയും ഉറവിടമായ ദൈവമേ, എല്ലാവരേയും സ്നേഹിക്കുന്നവനെ പ.മിഖായേൽ അതിദൂതരിൻ പ്രാർത്ഥനയാൽ ഞങ്ങൾ കൈകൊണ്ട അനവധി നന്മകൾക്കായി നിനക്ക് നന്ദി പറയുന്നു. ഞങ്ങൾ എന്നും നിന്നെ സ്തുതിച്ച് നിനക്ക് ഉതകുന്ന മക്കളായി വാഴാൻ കൃപ

ചെയ്യണമെന്ന് ഞങ്ങളുടെ കർത്തവായ യേശു ക്രിസ്തു വഴിയായി നിന്നോടു പ്രാർത്ഥിക്കുന്നു.

ജനം. : ആമേൻ

## 8. രോഗികളെ ആശിർവദിക്കുന്നു.

ഗുരു : ദൈവമായ യേശുക്രിസ്തു നിങ്ങളെ കാത്തു രക്ഷിക്കാൻ നിങ്ങളോടു കൂടി ആയിരിക്കട്ടെ. നിങ്ങളെ ബഹുമാനിക്കാൻ നിങ്ങളോടു കൂടി ആയിരിക്കട്ടെ. നിങ്ങളെ വഴി നടത്താൻ നിങ്ങളുടെ മുമ്പിലും* നിങ്ങളെ സംരക്ഷിക്കാൻ നിങ്ങളുടെ പിമ്പിലും നിങ്ങളെ ആശീർവദിക്കാൻ നിങ്ങളുടെ മുകളിലും ഉണ്ടായിരിക്കട്ടെ. പ.പിതാവിനോടും പ. ആത്മാവിനോടും കൂടി എന്നെന്നും വാഴുത്തുന്നവനെ

ജന : ആമേൻ

**പുണ്യവെള്ളം തളിക്കുന്നു.** *(ഈശോപ്പുല്ലിനാൽ)*

ഗുരു : ദൈവത്തിന്റെ നാമത്തിൽ നമുക്ക് നന്മയുണ്ട്.

ജനം : അവനാണ് വിണ്ണും മണ്ണും സൃഷ്ടിച്ചവൻ

ഗുരു : ദൈവമെ എന്റെ പ്രാർത്ഥന കേൾക്കണമെ

ജനം : എന്റെ യാചന നിന്റെ സന്നിധിയിൽ വരട്ടെ

ഗുരു : ദൈവം നിങ്ങളോടു കൂടിയായിരിക്കട്ടെ

ജനം : അങ്ങയോടും കൂടിയായിരിക്കട്ടെ.

പ്രാർത്ഥിക്കാം

ഗുരു : ഞങ്ങളുടെ സർവ്വസ്വവുമായ ദൈവമെ..എന്നും ജീവിക്കുന്ന ദൈവമെ! രോഗത്താൽ കഷ്ടപ്പെടുന്നവർക്ക് നിന്റെ ആശീർവാദം ചൊരിഞ്ഞ് നിന്റെ സൃഷ്ടികളെ നിന്റെ കരുണയാൽ കാത്തരുളണമെ. നിന്നോട് യാചിക്കുന്നവരെ നീ നിരസിക്കുന്നില്ല നിന്റെ അടിയങ്ങളെ രോഗത്തിൽ നിന്ന് വിടുവിച്ച് സുഖപ്പെടുത്തി നിന്റെ വലുതുകൈയാൽ താങ്ങി നിന്റെ ബലത്താൽ ശക്തിപ്പെടുത്തി നിന്റെ സംരക്ഷണത്തിൽ കീഴിൽ നിനക്ക് ഇഷ്ടമുള്ള രീതിയിൽ സ്നേഹത്തിൻ വഴിയിൽ നടത്തണമെന്ന് കർത്താവായ യേശുക്രിസ്തു വഴിയായി നിന്നോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ജനം : ആമേൻ

## പ. മിഖായേൽ അതിദൂതരെ പുകഴ്ത്താം

കർത്താവേ കൃപ ചെയ്യണമെ (2)
ദൈവമേ കൃപ ചെയ്യണമെ (2)
കർത്താവേ കൃപ ചെയ്യണമെ (2)
ക്രിസ്തുവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കമെ (2)
ക്രിസ്തുവേ ഞങ്ങലുടെ പ്രാർത്ഥനയെ നല്ലതായി കേൾക്കണമെ(2)

സ്വാർഗത്തിലിരിക്കുന്ന പിതാവായ ദൈവമെ
- ഞങ്ങളോട് ദയവായിക്കണമെ

ലോകത്തെ രക്ഷിച്ച സുതനായ ദൈവമെ
- ഞങ്ങളോട് ദയയാരിക്കണമെ

ദൂതരുടെ രാജ്ഞിയായ പ. മറിയമെ*

– ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ

പ്രധാനിയായ പ. മിഖായേലെ*

ദൂതർകളിൽ പ്രധാനിയായ പ.മിഖായേലെ*

പ. മിഖായേൽ അതിദുതരെ*

ദൈവ ജ്ഞാനത്താൽ നിറഞ്ഞ പ. മിഖായേലെ*

താഴ്ചയിൽ നിറകുടമായ പ. മിഖായേലെ*

എളിമയോടെ ആജ്ഞാപിക്കുന്ന പ. മിഖായേലെ*

ദൈവ പുത്രനെ ഭക്തിയോടെ ആരാധിക്കുന്ന
പ. മിഖായേലെ*

ദൈവ സേനയിൽ പ്രധാന തലൈവരായ
പ. മിഖായേലെ*

മഹിമയാലും പെരുമയാലും അറിയപ്പെടുന്ന
പ. മിഖായേലെ*

പ.ത്രിത്വത്തിൽ ബഹുമതി നേടിയ പ. മിഖായേലെ*

സ്വലോകത്തിൽ അതിപതിയായ പ. മിഖായേലെ*

സമാധനത്തിൽ ദൂതർ ആയ പ. മിഖായേലെ*

ഇസ്രേൽ മക്കളിൽ വഴികാട്ടിയും മാതൃകയുമായ
പ. മിഖായേലെ*

യൂദ സഭയെ ഐക്യ മാക്കിയ പ. മിഖായേലെ*

ശുദ്ധീകരണ സഭയിലുള്ള മക്കളെ സഹായിക്കുന്ന
പ. മിഖായേലെ*

---

* ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ

സ്വർഗ്ഗീയ സഭയിൽ മഹിമയും ആനന്ദവുമായ
പ. മിഖായേലെ*

ആകാശ ദൂതർകളിൽ പ്രകാശത്തിൻ നായകൻ
ആയ പ. മിഖായേലെ*

വിശ്വാസികളുടെ കോട്ടയായ പ. മിഖായേലെ*

സ്നേഹത്തിനും ഐക്യത്തിനും നല്ലവനായ
പ. മിഖായേലെ*

ഭക്തർകളിൽ രക്ഷിതാവായ പ. മിഖായേലെ*

മരണവേദയുള്ളവർക്ക് വിശ്വാസം കൊടുക്കുന്ന
പ. മിഖായേലെ*

അന്ത്യസമയം അറിയിച്ചുകൊടുക്കുന്ന
പ. മിഖായേലെ*

എല്ലാ ആപത്തുകളിലും സഹായിക്കുന്ന
പ. മിഖായേലെ*

അദ്യ - അന്ത്യം വരെ ദൈവരാജ്യത്തെ
സംരക്ഷിക്കുന്ന പ. മിഖായേലെ*

ദൂതർകളാൽ വണങ്ങപ്പെടുന്ന പ. മിഖായേലെ*

പരിശുദ്ധ മാതാവിനാൽ വലിയവനെന്നും ബലവാനെന്നും വെളിപ്പെടുത്തുന്ന പ. മിഖായേലെ*

നിങ്ങളുടെ പ്രാർത്ഥനയാൽ ഞങ്ങളെ സ്വർഗത്തിൽ എത്തിക്കുന്ന പ. മിഖായേലെ*

* ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ

ആത്മാക്കളുടെ രക്ഷയെ വീക്ഷിക്കാൻ വേണ്ടി ദൈവത്താൽ നിയമിക്കപ്പെട്ടവനായ പ. മിഖായേലെ*

പ്രധാന നേതാക്കന്മാരിൽ ഒരാളും സമാനമല്ലാത്ത നേതാവും ദൈവ ദൂതരിൽ പുകഴ്ത്തപ്പെട്ട പ. മിഖായേലെ*

ദൈവ മക്കളെ ആധരിക്കുന്ന പ. മിഖായേലെ*

ഞങ്ങളുടെ തലവൻ ആയ പ. മിഖായേലെ*

ഞങ്ങളെ ആധരിക്കുന്നവനായ പ. മിഖായേലെ*

ലോകത്തിന്റെ പാപങ്ങൾ പോക്കും ദൈവത്തിന്റെ കുഞ്ഞാടെ - ഞങ്ങളുടെ പാവങ്ങൾ ക്ഷമിക്കണമെ

ലോകത്തിന്റെ പാപങ്ങൾ പോക്കും ദൈവത്തിന്റെ കുഞ്ഞാടെ - ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ

ലോകത്തിന്റെ പാപങ്ങൾ പോക്കും ദൈവത്തിന്റെ കുഞാടെ - ഞങ്ങളോടു കരുണയായിരിക്കണമെ

ഗുരു : ഞങ്ങളുടെ ദൈവമായ കർത്താവിന്റെ സന്നിധിയിൽ

ജനം : പ. മിഖായേലെ ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണമെ

---

* ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ

പ്രാർത്ഥിക്കാം

സ്വാർഗ്ഗീയ ദുതർകൾക്കും, മനുഷ്യർക്കും ഉന്നതമായ ജോലികളെ ആശ്ചര്യപ്പെടുന്ന രീതിയിൽ നടത്തികൊണ്ട് വരും എന്നും ജീവിക്കും ദൈവമേ, സ്വർഗത്തിൽ നിന്നെ ഏപ്പോഴും സ്തുതിക്കും ദൂതർകളാൽ ഈ ലോകത്തിൽ ഞങ്ങളുടെ ജീവിതത്തെ സംരക്ഷിക്കാൻ അപേക്ഷിക്കുകന്നു.

ഈ പ്രാർത്ഥനയെ ഞങ്ങളുടെ ദൈവമാകിയ യേശുവിന്റെ തിരുമുഖത്തെ നോക്കി ഞങ്ങൾക്ക് തന്നരുളണമെ - ആമേൻ

## പ. മിഖായേലെ അതിദൂതരോടുള്ള നവനാൾ

സ്വർഗീയ സൈന്യത്തിൻ അധിപതിയെ ! എല്ലാ ജീവ അപികളിൽ മഹിമേ പ്രാധാനവാനായ നല്ല മനസുള്ളവരെ! അവർകളിലും നല്ലവരായവരെ! ഉന്നതനായ ദൈവത്തിൻ ആഗ്രഹപ്രകാരം ജീവിക്കുന്നവനെ! ദൈവ സിംഹാസനത്തിന് അരുകേ നിൽക്കുന്ന ഭാഗ്യവാനായ പ്രഭുവേ! ദൈവ നിയമപ്രകാരം പരലോക വാസലുകളെ സ്വാർഗീയ വാതിലിന് അതികാരമുള്ള വാനവരെ! ദൈവനീതിയിൽ സിംഹാസത്തിൽ ഞങ്ങളുടെ ആത്മക്കളെ സൂക്ഷിക്കും ദൂതാതി ദൂതരെ മരണാവസ്ഥയിലരിക്കുന്നവരെ സഹായിക്കാൻ ഓടി വരും ഉപകാരിയെ മരിച്ചവരുടെ ആത്മാക്കളെ കുട്ടികൊണ്ട് പോയി കർത്തവിന്റെ സന്നിധിയിൽ എത്തിക്കും കാവൽക്കാരെ! ബലഹീനനനും

നിർഭാഗ്യനു മായ അടിയനെ കൃപാകടാക്ഷമായി സംരക്ഷിച്ച് എന്റെ ജീവിതകാലം മുഴുവനും വിശേഷമായി മരണാവസ്ഥയിലും എന്നെ നീ സഹായിക്കണമെന്ന് നിന്നോടു പ്രാർത്ഥിക്കുന്നു

- ആമേൻ

## പ. മിഖായേൽ അതിദൂതരോടുള്ള ജപം

പ. മിഖായേൽ അതിദൂതരെ,. ലോകം, ശരീരം പിശാച് ഇവയോടു യുദ്ധം ചെയ്യാൻ ശക്തി എനിക്ക് തന്ന് പിശാചിന്റെ തന്ത്രങ്ങളിൽ നിന്നും ഞങ്ങളെ കാത്ത് കൊള്ളണമെ ദൈവത്തെക്കാൾ വലിയവൻ ആര്? എന്റെ അപേക്ഷ കേട്ട് പിശാചിന്റെ ശക്തിയെ തകർത്ത് നിത്യ അഗ്നിയിൽ തള്ളിയ വാനദൂതരെ, ഞങ്ങളുടെ അന്ത്യ നാളിൽ കൈവിടാതെ കാത്തുകൊള്ളണമെ ഇനിയും ദൈവത്തോട് വാദിച്ച് ഞങ്ങൾക്ക് ആവശ്യമായ............ വരങ്ങളെ വാങ്ങി തരണമെ അന്ത്യത്തിൽ ദൈവത്തെ നിന്നോടൊപ്പം കണ്ട് സന്തോഷിക്കാൻ സഹായം ചെയ്യണമെ എന്ന് അപേക്ഷിക്കുന്നു. - ആമേൻ

*ഒരു സ്വർഗ്ഗ, ഒരു നന്മ, ഒരു ത്രിത്വ*

പ. മിഖായേൽ അതിദൂതരെ

- ഞങ്ങൾക്കായി പ്രാർത്ഥിക്കണമെ

## ആലയത്തിൽ നടക്കുന്ന പരിപാടികൾ

### തിങ്കൾ – ബുധൻ

| | | |
|---|---|---|
| 5.30 AM | : | വി. കുർബാന |

### വ്യാഴം

| | | |
|---|---|---|
| 5.30 AM | : | വി. കുർബാന |
| 7.30 PM | : | വി. കുർബാന<br>എഴുന്നള്ളിച്ചുള്ള ആരാധന |

### വെള്ളി

| | | |
|---|---|---|
| 5.30 AM | : | വി. കുർബാന |
| 7.30 PM | : | വി. കുർബാന |
| 9.00 PM | : | വി. കുരിശടിയിൽ<br>തിരുമണിക്കൂർ ആരാധന |

### ശനി

| | | |
|---|---|---|
| 5.30 AM | : | വി. കുർബാന |
| 5.00 PM | : | വി. നവനാൾ, വി. കുർബാന |
| 7.30 PM | : | വി. നവനാൾ വി. കുർബാന,<br>ആരാധനയും ആശീർവാദവും |
| 11. PM | : | കുരുശടിയിൽ വഴിപാട് |

### ഞായർ

| | | |
|---|---|---|
| 5.30 AM | : | വി. കുർബാന |
| 4.30 PM | : | വി. കുർബാന |

## പള്ളി പെരുന്നാൾ

### മേയ് ആദ്യ വെള്ളി മുതൽ 10 നാൾ

### ബസ്സ് സൗകര്യങ്ങൾ

നാഗർകോവിലിൽ നിന്ന്, 30, 30V, 30A, 30C, 34, 34A,

കന്യാകുമാരിയിൽ നിന്ന് 317, 319, 23V

ആരുവാഴ്മൊഴിയിൽ നിന്ന് 319. 23V

രാത്രി 10 മണി വരെ ബസ്സ് സൗകര്യം
ഉണ്ടായിരിക്കുന്നതാണ്.

Nanjil Offset Printers, Nagercoil ✆ : 233853




Nanjil Offset, Nagercoil. ✆ : (04652) 233853